## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3271 — 10-12-2018 -ൽ മറുപടിക്ക്

### സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | പ്രളയാനന്തരം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തേത് എന്ന നിലയിൽ കോഴിക്കോട് ജില്ലയിൽ തുടക്കം കുറിക്കുകയും അത് കേരളത്തിൽ എല്ലാ കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടന ദിവസം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കിടയിലെ ദുരന്ത നിവാരണ സേന വിഭാഗം എസ്.എസ്.ആർ,എഫ്.(സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്) ഇപ്പോൾ സജീവമാണോ എന്നും ഇല്ലെങ്കിൽ അത് സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | എ) | സജീവമാണ്. സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ് (എസ്.ആർ.ആർ.എഫ്) സർക്കാർ നിർത്തലാക്കിയിട്ടില്ല. |
| ബി) | കുറെ പരിശീലനം ലഭിച്ച എസ്.എസ്.ആർ,എഫ്.-ലെ കുട്ടികളെ ആവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി), സി) & ഡി) | കുട്ടികളെ അപകടകരമായ ദുരന്ത പ്രതികരണ മേഖലയിൽ നിയോഗിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്. എസ്. ആർ. ആർ. എഫ് ഒരു നിയമപരമായ പ്രതികരണ സേന അല്ല. കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളെയാണ് SRRF- ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ SRRF നെ ഉൾപ്പെടുത്തി പ്രളയത്തിൽപ്പെട്ട ആളുകളെ രക്ഷിക്കുന്നതിന് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിലും വളണ്ടിയർമാരായി ഉപയോഗിക്കുന്നതിന് നിയോഗിച്ചിരുന്നതാണ്. |
| സി) | എസ്.എസ്.ആർ,എഫ്.എന്ത് കൊണ്ട് മറ്റു സ്ഥാപനങ്ങളിൽ വ്യാപിപ്പിക്കാത്തതെന്നും തുടങ്ങിയ കോളേജിൽ തന്നെ രണ്ടാം ബാച്ച് പോലും ആരംഭിക്കാതിരുന്നതെന്നും വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രളയ ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ബോധവൽക്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിലും എസ്.എസ്.ആർ,എഫ്.-നെ ഉപയോഗപ്പെടുത്തുന്നതിൽ ജില്ല ഭരണകൂടം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കാമോ? | | സന്നദ്ധ പ്രവർത്തന ഏകോപനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്നത് സിവിൽ ഡിഫെൻസ് നിയമം 1968 പ്രകാരമുള്ള ആപ്ത മിത്ര എന്ന സംവിധാനത്തിലൂടെ അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്നാണ്. ഓരോ ജില്ലയിലും ഉണ്ടാകുന്ന എസ്. ആർ. ആർ. എഫ് പോലുള്ള പ്രത്യേക സേനകൾ തുടർന്നും നടത്തുന്നത് സാമ്പത്തികമായി സാധ്യമാകില്ല. സിവിൽ ഡിഫെൻസ് നടപ്പിൽ വരുത്തുവാനാണ് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ